LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി സബ്സ്റ്റേഷന്റെ നിർമ്മാണം

37 [348] *ശ്രീ. സി. പി. മുഹമ്മദ്:*
,, എം. മുരളി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. എ. ചന്ദ്രൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര വൈദ്യുതി സബ്സ്റ്റേഷനുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) എവിടെയെല്ലാമാണ് അവ നിർമ്മിക്കുന്നതെന്നും അതിന് എന്ത് ചെലവ് വരുമെന്നും അറിയിക്കാമോ?

ഉത്തരം

(എ)

220 കെ. വി. സബ്സ്റ്റേഷൻ—2
110 കെ. വി. സബ്സ്റ്റേഷൻ—8
66 കെ. വി. സബ്സ്റ്റേഷൻ—7
33 കെ. വി. സബ്സ്റ്റേഷൻ—25
ആകെ—42

(ബി) ഈ വർഷം നിർമ്മിക്കുന്ന സബ്സ്റ്റേഷനുകളുടേയും അവയുടെ ചെലവും അനുബന്ധമായി ചേർത്തിരിക്കുന്നു.†

33 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം

38 [349] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ വെള്ളാഞ്ഞിരിലേയും കല്ലേറ്റും കരയിലേയും 33 കെ. വി. സബ്സ്റ്റേഷനുകൾ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പറയാമോ;

(ബി) ഗവൺമെന്റിന്റെ അതിവേഗം ബഹുദൂരം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സബ്സ്റ്റേഷനുകളുടെ പണി പൂർത്തീകരിക്കുവാനും അന്നമനടയിലെ 33 കെ. വി. സബ്സ്റ്റേഷന്റെ പണി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ;

(സി) ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

† അനുബന്ധം III

ഉത്തരം

(എ) പ്രസ്തുത സബ്സ്റ്റേഷനുകൾ 2005 സെപ്റ്റംബറിനകം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഈ സബ്സ്റ്റേഷനുകളുടെ പണി വേഗത്തിൽ പൂർത്തീകരിക്കുന്നതിനും അന്നമനട 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) *വെള്ളാങ്ങല്ലൂർ 33 കെ. വി. സബ്സ്റ്റേഷൻ:*

കൺട്രോൾ റൂമിന്റെ പണി 90% പൂർത്തിയായി. യാർഡ് എക്യൂപ്മെന്റ് സ്ട്രക്ചർ ഫൗണ്ടേഷന്റെ പണി തീരാറായി. ഇരിങ്ങാലക്കുട സബ്സ്റ്റേഷനിൽ നിന്നുള്ള 33 കെ. വി. ലൈനിന്റെ പോസ്റ്റ് നാട്ടുന്ന ജോലി ത്വരിതഗതിയിൽ നടന്നു വരുന്നു.

കല്ലേറ്റുംകര 33 കെ. വി. സബ്സ്റ്റേഷൻ:

കൺട്രോൾ റൂമിന്റെ പണി പൂർത്തിയായി. എക്യൂപ്മെന്റ്, സ്ട്രക്ചർ ഇറക്ഷൻ 90% പൂർത്തിയായി. ചാലക്കുടിയിൽ നിന്ന് കല്ലേറ്റുംകരയിലേക്കുള്ള 33 കെ. വി. ലൈനിന്റെ പോസ്റ്റ് നാട്ടി ലൈൻ വലിക്കുന്ന ജോലി നടത്തി വരുന്നു. ചില സ്ഥലമുടമകൾ ഉന്നയിച്ചിട്ടുള്ള തടസ്സം നീക്കികിട്ടുന്നതിന് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിനെ സമീപിച്ചിട്ടുണ്ട്.

അന്നമനട 33 കെ. വി. സബ്സ്റ്റേഷൻ:

സബ്സ്റ്റേഷന്റെ നിർമ്മാണത്തിനനുയോജ്യമായ സ്ഥലം അന്വേഷിച്ചുവരുന്നു.

ഊർജ്ജോൽപ്പാദന പദ്ധതി

39 [350] *ശ്രീ. സ്റ്റീഫൻ ജോർജ്:*
,, ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ മേഖലയിൽ മുതൽമുടക്ക് നടത്താനും ഊർജ്ജോൽപ്പാദനം നടത്തുവാനുമുള്ള ഏതെങ്കിലും പദ്ധതി ആവിഷ്കൃതമായിട്ടുണ്ടോ;

(ബി) കാറ്റിൽ നിന്നും വൈദ്യുതോൽപ്പാദനം നടത്തുന്നതിന് വേണ്ടിയുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകുമോ;

(സി) ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ കാറ്റിൽ നിന്നും വൈദ്യുതോൽപ്പാദനം നടത്തുവാനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിക്ക് തമിഴ്നാട് സർക്കാർ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly